# നഴ്സിംഗ് സ്റ്റുഡന്റ് ഹോസ്റ്റൽ

# മെഡിക്കൽ കോളേജ് തിരുവനന്തപുരം

## വിദ്യാർത്ഥികൾക്കായുള്ള നിയമങ്ങളും ചട്ടങ്ങളും

**നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൽ സ്റ്റുഡന്റ്സ് ഹോസ്റ്റൽ വാർഡൻ കൂടിയായിരിക്കുന്നതാണ്.**

1. നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥിനികൾക്കായി ഹോസ്റ്റൽ മുറികളുടെ ലഭ്യത അനുസരിച്ച് താമസം ലഭ്യമാക്കുന്നതാണ്.

2. എല്ലാ വിദ്യാർത്ഥിനികളും ഹോസ്റ്റൽ മാർഗ്ഗ നിർദ്ദേശങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്.

3. ഹോസ്റ്റലിൽ ഹൗസ്സ്കീപ്പർ രാത്രിയിലും പകലും ഡ്യൂട്ടിയിൽ ഉണ്ടായിരിക്കുന്നതാണ്.

4. എല്ലാ വിദ്യാർത്ഥിനികളും ഹോസ്റ്റലിൽ താമസിക്കുമ്പോൾ ഹോസ്റ്റലിൽ നിന്നുള്ള ഭക്ഷണം എടുക്കേണ്ടതാണ്.

5. വിദ്യാർത്ഥിനികൾക്ക് തങ്ങളുടെ മുറികളിൽ സ്റ്റൗവ്വോ, വൈദ്യുതി ഉപകരണങ്ങളോ ഉപയോഗിക്കാൻ അനുവധിക്കുന്നതല്ല.

6. വാഡർഡന്റെയും അസി. വാർഡന്റെയും ഹൗസ് കീപ്പറുടെയും നിയന്ത്രണത്തിൽ വിദ്യാർത്ഥിനികളാണ് മെസ്സിന്റെ മേൽനോട്ടം വഹിക്കുന്നത്.

ഓരോ ക്ലാസിന്റെയും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, മെസ്സ് മാനേജർ, ഹൗസ്സ് കീപ്പർ, മെസ്സ് സെക്രട്ടീസ്, അസി. വാർഡൻ, വാർഡൻ എന്നിവർ ചേർന്നതാണ് മെസ്സ് കമ്മിറ്റി. എല്ലാ മാസത്തിന്റെയും ആദ്യവാരം മെസ്സ് കമ്മിറ്റി മീറ്റിങ്ങ് കൂടുന്നതാണ്. ഈ കമ്മിറ്റയായിരിക്കും ഭക്ഷണം സംബന്ധിച്ച ക്രമീകരണങ്ങളും മാറ്റങ്ങളും ചർച്ച ചെയ്ത് തീരുമാനിക്കുന്നത്.

7. എല്ലാ വിദ്യാർഥികളും അതാതു മാസത്തെ മെസ്സ് ഫീ നിർദ്ദേശിച്ചിരിക്കുന്ന bank account ലേക്ക് അതേ മാസം 10 ാം തീയതിക്ക് മുമ്പായി അടക്കേണ്ടതാണ്.( സർക്കാരിൽ നിന്നും e grantz പണം ലഭിക്കുന്ന Bsc(N) ,GNM വിദ്യാർഥിനികളെ ഇതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്). അതിനു ശേഷം പ്രതിദിനം 5 രൂപ ഇനത്തിൽ ഫൈൻ ഈടാക്കുന്നതാണ്.
8. തുടർച്ചയായിട്ട് 5 ഫുൾ ഡേ ഹോസ്റ്റലിൽ ഇല്ലാതിരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഭക്ഷണം എടുക്കാതിരിക്കുകയും ചെയുന്ന വിദ്യാർഥികൾക്ക് മാത്രമേ mess reduction കിട്ടുകയുള്ളൂ
9. വിദ്യാർഥികൾക്ക് ക്ലാസ് ഉള്ള ദിവസങ്ങളിൽ വൈകുന്നേരം 5 മണി മുതൽ രാത്രി 9:30 മണി വരെയും പുറത്തു പോകാൻ അനുവാദം ഉണ്ട്.

Order no: G.O( MS ) No. 31/2023/H&FWD std 30/01/2023

ഒന്നാം വർഷ വിദ്യാർഥികൾക്ക് ആദ്യ  വർഷം  വൈകുന്നേരം 5:00 മണി മുതൽ 6:30 വരെ മാത്രമേ പുറത്തു പോകാൻ അനുവാദം നൽകുകയോള്ളൂ.

പുറത്ത് പോകുന്ന വിദ്യാർഥികൾ പുറത്ത് പോകുമ്പോൾ house keeper മുൻപാകെ വെച്ചിട്ടുള്ള out pass രജിസ്റ്ററിൽ എഴുതിയ ശേഷം പുറത്ത് പോവുകയും തിരികെ വരുമ്പോൾ അതിൽ ഒപ്പും സമയവും എഴുതി വച്ച് തിരികെ പ്രവേശിക്കുകയും ചെയ്യണം.

NB: ഹോസ്റ്റലിലെ എല്ലാ വിദ്യാർഥികളും out pass രജിസ്റ്ററിൽ പോകുന്ന സ്ഥലവും തിരികെ വരുന്ന സമയവും എഴുതുന്നത് അവരുടെ സുരക്ഷ ഉറപ്പ് വരുത്താൻ സഹായകരം ആണ്.

അവധി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ രാത്രി 9:30 മണി വരെ പുറത്ത് പോകാൻ അനുവാദം ഉണ്ട്. ( ആദ്യവർഷ വിദ്യാർത്ഥികൾക്ക് 6.30 വരെ അനുവാദമു ള്ളു. )

10. രണ്ടാം ശനിയാഴ്ച അവധി ദിവസം കണക്കിലെടുത്ത് വിദ്യാർത്ഥികൾക്ക് ഹോം പാസ് അനുവദിക്കുന്നതാണ് .മുൻകൂട്ടി തന്നെ വിദ്യാർത്ഥികൾ ഹോം പാസിൽ എഴുതി അസ്സിസ്റ്റൻറ് വാർഡന്റെ പെർമിഷൻ എടുക്കേണ്ടതാണ്.

കുട്ടികൾ വീട്ടിൽ പോകുന്ന വിവരം രക്ഷകർത്താക്കൾ ഹോസ്റ്റൽ അസിസ്റ്റൻറ് വാർഡൻ ക്ലാസ് ടീച്ചർ പേരന്റ്സ് ഉൾപ്പെടുന്ന വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ ഉറപ്പ് വരുത്തുന്നതാണ്.

അടിയന്തര ആവശ്യങ്ങൾക്കായി കുട്ടികൾ ക്ലാസ് ഉള്ള ദിവസം വീട്ടിൽ പോകേണ്ട സാഹചര്യം വരുമ്പോൾ ക്ലാസ് ടീച്ചർ വഴി പെർമിഷൻ ലെറ്റർ അസിസ്റ്റൻറ് വാർഡിന് സമർപ്പിക്കേണ്ടതാണ്.

11. ഓരോ വർഷവും റൂം ഷിഫ്റ്റ് ഉണ്ടായിരിക്കുന്നതാണ്. ഹോസ്റ്റലിന്റെയും മുറികളുടെയും ശുചിത്വം ഉറപ്പ് വരുത്തുന്നതിനുവേണ്ടിയാണ് ഇത്. ശുചിത്വം കുട്ടികളുടെ സുഖമമായ പഠനത്തിന് അനിവാര്യമാണ്.
12. കുട്ടികൾ അവരവരുടെ മുറികളിലെ മിതമായ സൗകര്യത്തിൽ സാധനങ്ങൾ നല്ല രീതിയിൽ ക്രമീകരിച്ച് പരസ്പരം സഹകരണത്തോടെ കഴിയേണ്ടതാണ്.ചെരുപ്പുകൾ ക്രമീകരിക്കുന്നതിനായി അതാത് മുറികളിലെ വിദ്യാർത്ഥികൾ സഹകരിച്ച് ചപ്പൽ സ്റ്റാൻഡ് വാങ്ങി അതിൽ ചെരുപ്പുകൾ മുറിക്ക് പുറത്ത് സൂക്ഷിക്കേണ്ടതാണ്.കാർഡ്ബോർഡിൽ ചെരുപ്പുകൾ സൂക്ഷിക്കുവാൻ അനുവദിക്കുന്നതല്ല.
13. .ഔട്ട് പാസ്സ് ബുക്ക് ഹോം പാസ് ബുക്ക് എന്നിവ വിദ്യാർത്ഥിനികൾ ഹോസ്റ്റൽ വിട്ടു പുറത്തുപോകുമ്പോഴും തിരികെ വരുമ്പോഴും കൃത്യമായി ഒപ്പിടേണ്ടതാണ്.
14. എല്ലാദിവസവും വൈകുന്നേരം 8 മണിക്ക് മുമ്പായി നൈറ്റ് റോൾ കോൾ ബുക്കിൽ ഒപ്പിടേണ്ടതാണ്
15. വിദ്യാർത്ഥികൾക്ക് അവരുടെ ലോക്കൽ ഗാർഡിയന്റെ വീട്ടിലേക്കോ സ്വന്തം വീട്ടിലേക്കോ പോകണമെങ്കിൽ ഹോംപാസ് ബുക്കിൽ രേഖപ്പെടുത്തി വർഡന്റെയോ, അസിസ്റ്റൻറ് വാർഡന്റെയോ, ഹൗസ് കീപ്പറുടെയോ അനുവാദം വാങ്ങേണ്ടതാണ്.പ്രവർത്തി ദിവസങ്ങളിൽ വീട്ടിൽ പോകാൻ ക്ലാസ് ടീച്ചറിന്റെയും, വാർഡൻ, അസിസ്റ്റൻറ് വാർഡൻ എന്നിവരുടെ സമ്മതം വാങ്ങേണ്ടതാണ്.
16. ആരോഗ്യ കേന്ദ്രങ്ങൾ, കമ്പ്യൂട്ടർ പഠനം, പല്ല് സംരക്ഷണങ്ങൾ എന്നിവ ഉൾപ്പെടെ മറ്റു യാതൊരു ആവശ്യങ്ങൾക്കായും രക്ഷകർത്താക്കളുടെ അറിവോ സമ്മതമോ കൂടാതെ പുറത്തു പോകാൻ അനുവദിക്കുന്നതല്ല.

17. ബന്ധപ്പെട്ട അധ്യാപകരുടെ അനുമതി എഴുതി വാങ്ങിയാൽ മാത്രമേ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ക്യാമ്പസിന് പുറത്തു പോകാൻ അനുവദിക്കുക യുള്ളൂ.
18. ഒരു വിദ്യാർഥിക്ക് അസുഖം വന്നാൽ അസിസ്റ്റന്റ് വാർഡനെയോ ഹൗസ് കീപ്പർ നെയോ അറിയിക്കേണ്ടതാണ്.
19. .വിദ്യാർഥിനികളെ സന്ദർശിക്കാൻ വരുന്ന സന്ദർശകരുടെ പേരു വിവരങ്ങൾ അഡ്മിഷൻ സമയത്ത് രക്ഷകർത്താക്കൾ നൽകേണ്ടതാണ്. സന്ദർശന സമയം ഹോസ്റ്റലിൽ ഉത്തരവാദിത്തപ്പെട്ട ആരെങ്കിലും ഗേറ്റിൽ ഉണ്ടായിരിക്കേണ്ടത്
20. വിദ്യാർഥിനികൾ തങ്ങളുടെ മുറികൾ വൃത്തിയായി സൂക്ഷിക്കാൻ ബാധ്യസ്ഥരാണ്
21. വിദ്യാർഥിനികൾക്ക് അനുവദിച്ചിരിക്കുന്ന മുറികലിൽ മാത്രമേ ഉറങ്ങാൻ അനുവാദം ഉള്ളൂ
22. രാത്രി 8 മണിക്ക് ശേഷം നിശ്ശബ്ദത പാലിക്കേണ്ടതാണ്
23. വിദ്യാർഥിനികൾ രാത്രി 11 മണിക്ക് ശേഷം മുറിയിൽ ലൈറ്റ് ഇടാൻ പാടുള്ളതല്ല.
24. വിദ്യാർഥിനികൾ ഹോസ്റ്റലിന്റെ വസ്തുക്കൾ യാതൊന്നും നശിപ്പിക്കാൻ പാടുള്ളതല്ല,അപ്രകാരം സംഭവിച്ചാൽ നഷ്ടപരിഹാരം ഈടക്കുന്നതാണ്
25. വാർഡന്റെയോ അസിസ്റ്റന്റ് വാർഡന്റെയൊ അനുവാദം കൂടാതെ വിദ്യാർഥികൾ യാതൊരു തരത്തിലുള്ള യോഗങ്ങളും ഹോസ്റ്റലിൽ കൂടാൻ അനുവദിക്കുന്നതല്ല
26. ബന്ധപെട്ട അധികാരികളുടെ( വാർഡൻ, അസ്സി. വാർഡൻ, ഹൗസ്സ് കീപ്പർ) അറിവോ സമ്മതമോ കൂടാതെ ഹോസ്റ്റൽ വിട്ടുപോകാൻ പാടുള്ളതല്ല
27. വിലപിടിപ്പുള്ള വസ്തുക്കൾ മുറികളിൽ സൂക്ഷിക്കാൻ പടില്ല അവ നഷ്ടപ്പെട്ടാൽ അധികാരികൾ ഉത്തരവാദികൾ ആകില്ല .
28. വിദ്യാർഥിനികൾ ചുവടെ കൊടുത്തിരിക്കുന്ന സമയപ്പട്ടിക പ്രകാരം ഭക്ഷണകര്യങ്ങൾക്ക് വരേണ്ടതാണ്

| | | | | |
|---|---|---|---|---|
| പ്രഭാത ഭക്ഷണം | – | 6:30 | – | 7:30 |
| ഉച്ചയൂണ് | – | 12:30 | – | 2.00 |
| ചായ | – | 4:00 | – | 5:30 |
| അത്താഴം | – | 6:30 | – | 8:00 |